# ഇമ്മാനുവേലിൽനിന്നും ഒരു ക്ഷണക്കത്ത്

വഴിയും സത്യവും ജീവനും ഞാനാണ്
എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ
അടുക്കലേക്ക് വരുന്നില്ല
എന്നരുളിച്ചെയ്ത ഇമ്മാനുവേലിന്റെ ഈ ക്ഷണക്കത്ത് നിങ്ങൾക്കായ് മാത്രം.

ഈ വൻകൃപയുടെ സമയങ്ങളിൽ ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ ഞാൻ
എന്റെ സ്വന്തം മക്കളായ നിങ്ങളോട് ഹൃദയം തുറന്ന് സംസാരിക്കുന്നു.
എന്റെ ഈ ക്ഷണകത്ത് പ്രാർത്ഥനാപൂർവ്വം, ക്ഷമാപൂർവ്വം വളരെ ശ്രദ്ധയോടെ വായിക്കണമെന്ന്
ആബാ പിതാവ് ആഗ്രഹിക്കുന്നു

ക്ഷണക്കത്ത് അല്പം സുദീർഘമാണ്....................ക്ഷമിക്കുമല്ലോ.
എന്റെ വാഗ്ദാനവും ശക്തിയും സന്തത സഹചാരിയുമായ പരിശുദ്ധാത്മാവ് നിങ്ങൾക്ക്
ഈ കത്ത് ശ്രദ്ധാപൂർവ്വം വായിക്കുവാനുള്ള കൃപതരും

ഇതിനോടുള്ള എന്റെ മക്കളുടെ പ്രതികരണം ഉൾക്കാഴ്ച എന്തുതന്നെയായാലും തീർച്ചയായും അറിയിക്കണം.
ക്ഷമിക്കുവാൻ മാത്രമറിയുന്ന ഞാൻ ക്ഷമാപൂർവ്വം നിങ്ങളുടെ മറുപടിക്കായ് കാത്തിരിക്കുന്നു.

നിങ്ങളുടെ സ്വന്തം
ഇമ്മാനുവേൽ

മനുഷ്യനേക്കാൾ കൂടുതൽ അറിയുന്നതുകൊണ്ടാണ്. സാത്താൻ പലരിലൂടെയും ഇപ്രകാരം ചോദിക്കുന്നത്.

ഈ മേഖലയിലൂടെ സുവിശേഷപ്രചാരണത്തിന് ഉപയോഗിക്കുന്ന സമ്പത്ത് പാവങ്ങൾക്കു സഹായിച്ചുകൂടെയെന്ന് ?

നമ്മുടെ അടുത്തുവരുന്നവർക്ക് ഭയംകൂടാതെ അവരുടെയും നമ്മുടെയും ആത്മാവിന്റെ രക്ഷകനായ യേശുവിന്റെ രക്ഷാകര രഹസ്യം അറിയിക്കാതെ, വെറുതെ ഈ ലോകശൈലിയിൽ പാവങ്ങളെ സഹായിച്ചുകൊണ്ടിരുന്നാൽ പതിനായിരം മഹാജൂബിലികൾ കഴിഞ്ഞാലും യേശുവിനെ ഏക രക്ഷകനായി ഭാരതമറിയില്ല..... ഏഷ്യയറിയില്ല.... ഈ ലോകം അറിയുകയില്ല.

എന്റെയും നിന്റെയും ഈ ലോകത്തിന്റെയും ഏകരക്ഷകനായ ക്രിസ്തുവിന്റെ സ്നേഹമാണ്
എന്നെ ഈ സഹായത്തിന് നിർബന്ധിക്കുന്നതെന്ന് പറയുവാൻ എന്നു തുടങ്ങുന്നുവോ, അന്ന് മുതൽക്ക് നമ്മുടെ സുവിശേഷ പ്രഘോഷണ ശൈലി യേശുവിന്റെ ശൈലിയായി മാറും. വളരെയധികം ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

'വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല' എന്നരുളിചെയ്തവന്റെ സുവിശേഷപ്രഘോഷണശൈലി നാമിനിയും സ്വായത്തമാക്കേണ്ടിയിരിക്കുന്നു

തന്റെ അടുത്തുവരുന്നവന്റെ ആത്മാവിനെ തന്റേതുമാത്രമാക്കിയതിനുശേഷമാണ് ഈശോ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചത്.

അതിനാൽ സാത്താന്റെ ചോദ്യത്തെ നാം വിവേചിച്ചറിയണം.

സാത്താനറിയാം ദൈവവചനത്തിൽനിന്ന് ജനിച്ചവരെ വഴിതെറ്റിക്കുവാൻ ഉള്ള എളുപ്പവഴി.

തിരുവചനം തന്നെയായ യേശുവിനെ മരുഭൂമിയിൽവെച്ച് പരീക്ഷച്ചതും വചനം ഉദ്ധരിച്ചുകൊണ്ടുതന്നെയായിരുന്നുവല്ലോ.

സാത്താനെ കീഴടക്കിയതും യേശു വചനത്തിലൂടെയായിരുന്നു. അതിനാൽ എന്തുകൊണ്ട് ഈ തൈലം മുന്നൂറ് ദനാറയ്ക്ക് വിറ്റ് ദരിദ്രർക്ക് കൊടുത്തില്ല എന്ന സാത്താന്റെ ചോദ്യത്തിന് നമുക്ക് തിരുവചനത്തിലൂടെ തന്നെ അവനെ തിരിച്ചടിയ്ക്കാം.

'എന്നാൽ തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും. പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും. അയയ്ക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും ?
സുവിശേഷം പ്രസംഗിക്കുവരുടെ പാദങ്ങൾ എത്ര സുന്ദരം (' റോമ 10:14)

ഇമ്മാനുവേലിൽനിന്നും ഒരു കത്ത്

സാത്താന്റെ ഈ ചോദ്യം വർഷങ്ങൾക്കുമുൻപേ വിവേചിച്ചറിഞ്ഞതുകൊണ്ടാണ് നമ്മുടെ സഭ വർഷങ്ങൾക്കുമുൻപേ രണ്ടാം വത്തിക്കാൻ സൂനദോസിലൂടെ യുവാക്കളോട് ആഹ്വാനം ചെയ്തത്.

'പ്രത്യേകിച്ചും യുവാക്കൾ ഈ രംഗത്ത് ഒററക്കെട്ടായി എത്രയും പെട്ടെന്ന് ഇറങ്ങി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ലോകം ഓരോ മണിക്കൂറിലും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നാളെയാണ് നാം ഈ രംഗത്തിറങ്ങി പ്രവർത്തിക്കാൻ പോകുന്നതെങ്കിൽ ലോകം അത്രയും മോശമാകാൻ നാം അനുവദിക്കുന്നു എന്താണതിനർത്ഥം.'

യേശുവിന്റേയും സഭയുടെയും ആഹ്വാനം ശ്രവിച്ച് യുവാക്കൾ ഉണരുവാൻ നമ്മുക്ക് ദൈവസിധിയിൽ കരങ്ങൾ ഉയർത്തി വേദനയോടെ പ്രാർത്ഥിക്കാം. ഞങ്ങൾ ഉൻമത്തരാണെങ്കിൽ അത് ദൈവത്തിനുവേണ്ടിയാണ്. ഞങ്ങൾ സമചിത്തരാണെങ്കിൽ അത് നിങ്ങൾക്കുവേണ്ടിയാണ്. 2 കൊറി 5:13.

എന്ന് ഉദ്ഘോഷിച്ച വി. പൗലോസിനെപ്പോലെ അനേകം യുവാക്കൾ ഈമേഖലയിൽ ഉണരേണ്ടിയിരിക്കുന്നു.

സാങ്കേതികമായി ഒത്തിരിയേറെ കുറവുകൾ നമ്മിൽ ലോകം കണ്ടേക്കാം. ശരിയാണ്. നമുക്ക് ഒത്തിരിയേറെപരിമിതികളുണ്ട്. ബലഹീനതകളുണ്ട്. ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനം ലഭിച്ചവർ ഉറങ്ങുകയാണ്.

വേറൊരർത്ഥത്തിൽ അവരുടെ കഴിവുകൾ സാത്താൻ ചോർത്തികൊണ്ടിരിക്കുകയാണ്. അവരറിയാതെയും, അറിഞ്ഞുകൊണ്ടും സാത്താന്റെ രാജ്യം കെട്ടിപടുക്കുവാൻ അവരുടെ കഴിവുകൾ, അവരുടെ അറിവുകൾ ഉപയോഗിക്കുകയാണ്.

ഗമലിയേലിന്റെ പാദങ്ങളിലിരുന്ന് നിഷ്കൃഷ്ടമായ ശിക്ഷണം നേടിയ, അറിവ് നേടിയ സാവൂളിനെ, സാവൂൾ, നീ എന്തിനെ പീഡിപ്പിക്കുന്നുവെന്ന് ചോദിച്ച് കുതിരപ്പുറത്തുനിന്ന് തട്ടിതാഴെയിട്ട് വി. പൗലോസാക്കിയ നസ്രായനായ യേശുനാഥൻ, ഇന്ന്, ഈ ലോകത്തിൽ അറിവിന്റെ കുതിരപ്പുറത്തിരുന്നുകൊണ്ട്, അഹങ്കാരത്തോടെ ഈ മേഖലയിലൂടെ ഈശോയെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന നവയുഗ സാവൂളുമാരോട് ഈശോ ചോദിക്കുന്ന വലിയൊരു ചോദ്യമുണ്ട് .

'അറിവുണ്ടെന്ന് ഭാവിക്കുന്നവൻ അറിയേണ്ടത് അറിയുന്നില്ല. (1 കൊറി 8:2.)

'ഞാൻ' നൽകിയ അറിവിൽനിന്നല്ലേ ഇന്നുവരെയുള്ള നിന്റെകണ്ടുപിടുത്തങ്ങൾ 'എന്റെ' രാജ്യത്തിന്റെ, സ്വർഗ്ഗരാജ്യത്തിന്റെ ഉന്നമനത്തിനു വേണ്ടിയല്ലെ നീയിന്നിത് ഉപയോഗികേണ്ടത്. എന്നാൽ നീയത് നിന്റെ സ്വന്തമാണെന്ന ഭാവത്തിൽ നീയത് തിന്മയ്ക്ക് അടിയറവ് വെയ്ക്കുന്നു.

'നിനക്ക് എന്ത് പ്രത്യേക മഹാത്മ്യമാണുള്ളത്. ദാനമായി ലഭിച്ചതല്ലാതെ നിനക്കെന്തുണ്ട്. എല്ലാം ദാനമായിരിക്കെ ദാനമല്ലയെന്ന മട്ടിൽ എന്തിനുനീയഹങ്കരിക്കുന്നു.' 1 കൊറി 27:7

# ഇമ്മാനുവേലിൽനിന്നും ഒരു ക്ഷണക്കത്ത്

ഈ പ്രപഞ്ചം മുഴുവൻ T.V. – Video – Internet - Computer ലൂടെ നിന്റെ വിരൽതുമ്പിൽ നൽകിയത് നിനക്ക് ഇഷ്ടം പോലെ പന്താടുവാൻ വേണ്ടിയാണെന്ന് ധരിച്ചിരിക്കുന്നുവോ?. 'ഭൂമിക്ക് അടിസ്ഥാനമിടുകയും, ആകാശത്തെ വിരിക്കുകയും ചെയ്ത നിന്റെ സ്രഷ്ടാവായ കർത്താവിനെ നീ മറന്നുകളഞ്ഞോ' എശയ്യ 51:13.

നീ ചന്ദ്രനിൽ കാലുകുത്തിയാലും പ്രകാശത്തേക്കാൾ വേഗതയിൽ സഞ്ചരിച്ചാലും സമുദ്രത്തിന്റെ അടിത്തട്ട് കയ്യിലെടുത്താലും,
ജീവന്റെ രഹസ്യം കണ്ടുപിടിച്ചുവെന്ന് അവകാശവാദമുന്നയിച്ചാലും, ക്ലോണിംഗിലൂടെ ജീവനെ നിന്റെയിഷ്ടംപോലെ പന്താടിയാലും.
സൂര്യനെ നീകയ്യിലെടുത്താലും, നീ എന്നെ മറന്നാൽ.....................

ജീവന്റെ വചനത്തെ ബോധപൂർവ്വം തിരസ്കരിച്ചാൽ..................... ജീവന്റെ വചനമാകുന്ന ഞാനരുളിചെയ്യുന്നു.

'ഒരുവനും രക്ഷപ്പെടുകയില്ല. അവർ പാതാളത്തിലേക്ക് തുരന്നിറങ്ങിയാലും ഞാൻ അവരെ പിടിക്കും. ആകാശത്തിലേക്ക് അവർ കയറിപ്പോയാലും അവിടെനിന്ന് ഞാൻ അവരെ വലിച്ചുതാഴെയിറക്കും. കാർമ്മൽ ശൃംഗത്തിൽ ഒളിച്ചാലും അവിടെനിന്ന് ഞാനവരെ തിരഞ്ഞു പിടിക്കും. എന്റെ കണ്ണിൽ പ്പെടാത്തവിധം ആഴിയുടെ അഗാധത്തിൽ അവർ ഒളിച്ചിരുന്നാലും, ഞാൻ സർപ്പത്തിനു കല്പന കൊടുക്കും. അത് അവരെ ദംശിക്കും.' ആമോസ് 9:23

നീ അറിയേണ്ടവനെ, അറിയേണ്ടതുപോലെ അറിഞ്ഞില്ലെങ്കിൽ, അനുഭവിച്ചില്ലെങ്കിൽ നിന്റെ അറിവ് അപൂർണ്ണമാണ്....... വികലമാണ്.
ആ അറിവ് നിന്നിൽ അഹന്ത ജനിപ്പിക്കും.

ഞാൻ ആൽഫയും ഒമേഗയുമാണ്. ഒന്നാമനും ഒടുവിലത്തവനും. ആദിയും അന്തവും" വെളി 22:13

ഈ ലോകത്തിലെ സകലകാര്യങ്ങളും നീയറിഞ്ഞാലും ആൽഫയും ഒമേഗയുമായ എന്നെ നീയറിഞ്ഞില്ലെങ്കിൽ നിന്റെ അറിവ് ഒന്നുമല്ല................
നിന്നെ ഒുമല്ലാതാക്കിതീർക്കും..........................

നീ മരിക്കും. ജീവന്റെ വൃക്ഷത്തിൽ നിനക്ക് പങ്കില്ല. 'നന്മതിന്മകളെകുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്.
തിന്നുന്ന ദിവസം നീ മരിക്കും. ' ഉൽപ 2:17

'ആരും ആത്മവഞ്ചന ചെയ്യാതിരിക്കട്ടെ. ആരെങ്കിലും ഈ ലോകത്തിൽ ജ്ഞാനിയെന്ന് വിചാരിക്കുന്ന പക്ഷം യഥാർത്ഥ ജ്ഞാനിയാകേണ്ടതിന് തന്നെതന്നെ ഭോഷനാക്കട്ടെ. എന്തെന്നാൽ ഈ ലോകത്തിന്റെ വിജ്ഞാനം ദൈവത്തിനു ഭോഷത്തമാണ്. അവൻ ബുദ്ധിശാലികളെ അവരുടെ തന്ത്രങ്ങളിൽതന്നെ കുടുക്കുന്നു എന്നും, ബുദ്ധിശാലികളുടെ ആലോചനകൾ വ്യർത്ഥങ്ങളാണെും കർത്താവ് അറിയുന്നു എന്നും എഴുതപ്പെട്ടിരിക്കുന്നു.' 1കൊറി 3:18 – 20

നിന്നെ സൃഷ്ടിച്ച നിന്റെ സൃഷ്ടാവിലുമുപരി എന്റെ സൃഷ്ടികളെ നീ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്നു.

മരുഭൂമിയിലെ പരീക്ഷണങ്ങളിൽ എന്നെ പരീക്ഷിച്ച് പരാജയപ്പെട്ട പഴയ സാത്താൻ തന്ത്രം നീ തിരിച്ചറിയണം.

# ഇമ്മാനുവേലിൽനിന്നും ഒരു ക്ഷണക്കത്ത്

'വചനം തന്നെയായ ഞാൻ' നിന്നോട് പറയുന്നു.
'നമുക്ക് ഒരു ദൈവമേയുള്ളൂ. ആരാണോ സർവ്വവും സൃഷ്ടിച്ചത് ആർക്കുവേണ്ടിയാണോ നാം ജീവിക്കുന്നത്, ആ പിതാവ്. ഒരു കർത്താവേ നമുക്കുള്ളൂ. ആരിലുടെയാണോ സർവ്വവും ഉളവായത്, ആരിലൂടെയാണോ നാം നിലനില്ക്കുന്നത്, ആ യേശുക്രിസ്തു. എങ്കിലും ഈ അറിവ് എല്ലാവർക്കുമില്ല.......... ' 1 കൊറി 8:67

അറിയിക്കേണ്ടവരെ ഇനിയും നീ അറിയിച്ചിട്ടില്ല. ഈ അറിവ്, – 'എന്റെ' പ്രത്യാഗമനത്തിനുമുമ്പ് ഏററവും വേഗത്തിൽ ഭൂമിയിലുള്ള സകല ജനപദങ്ങളേയും അറിയിക്കുവാനാണ് ഞാൻ നിനക്ക് ഈ മേഖലയിൽ അറിവ് പകർന്ന് നല്കുന്നത്. ഇതെന്റെ ദാനമാണ്.

പക്ഷേ എന്റെ ദാനത്തെ മറന്നുകൊണ്ട്, സാത്താനുവേണ്ടി ഈ മേഖലയിൽ ഏററവും ഉയർന്ന നിലവാരത്തിലുള്ള സാങ്കേതിക ഉപകരണങ്ങൾ വാങ്ങികൂട്ടുവാൻ ഒത്തിരിപേർ ഇന്നീ ലോകത്തിലുണ്ട്.

സമ്പത്ത് അവർക്കതിന് ഒരു തടസ്സവുമല്ല..........ധാരാളമാണ്.

ഈ മേഖലയിൽ കോടാനുകോടികൾ മുടക്കുവാൻ അവർ അരയും തലയും മുറുക്കി, രംഗത്തുണ്ട്. പക്ഷേ ഈ മേഖലയിലൂടെ ദൈവത്തിന്റെ കുഞ്ഞാടിന്റെ വിരുന്നിലേക്ക് ആത്മാക്കളെ ക്ഷണിക്കുവാൻ പിതാവിന്റെ സ്നേഹാഗ്നിയിലേക്ക് ആകർഷിക്കുവാൻ, അരയും തലയും മുറുക്കി പരിശുദ്ധാത്മശക്തിയാൽ പ്രവർത്തിക്കുവാൻ, സാമ്പത്തികമായി കർത്താവിനുവേണ്ടി രക്തസാക്ഷിത്വം വഹിക്കുവാൻ, വിരലിലെണ്ണാവുവർ മാത്രമാണ് കോടികണക്കിന് കത്തോലിക്കരിൽനിന്ന് മുൻപോട്ട് കടുവരുന്നുള്ളു.

ഇത് മനസ്സിലാക്കികൊണ്ടാണ്, ഈശോ തന്റെ സഭയിലൂടെ രണ്ടാം വത്തിക്കാൻ സുനഹദോസിലൂടെ ഇപ്രകാരം വ്യക്തമായി ആഹ്വാനം ചെയ്യുത്.

'സഭയുടെ സന്താനങ്ങൾ ഉദാസീനരായി രക്ഷയുടെ വചനം തടസ്സപ്പെടുത്തുകയോ, താമസിപ്പിക്കുകയോ ചെയ്യുന്നെങ്കിൽ അത് അത്യന്തം അപലപനീയമാണ്. ഇങ്ങനെയുള്ള പ്രതിബന്ധങ്ങൾ സാങ്കേതികമോ, ധനപരമോ ആയ കാരണങ്ങളാൽ ഉണ്ടാകാം. ഈ ഉപകരണങ്ങൾക്ക് അസാധാരണമായ ധനവ്യയം നേരിടുക എന്നത് സ്വാഭാവികമാണല്ലോ. അതുകൊണ്ട് പരിശുദ്ധ സുനഹദോസ് അവരെ ഉദ്ബോധിപ്പിക്കുന്നതിതാണ്. സത്യം സംരക്ഷിക്കാനും പ്രചരിപ്പിക്കാനും മനുഷ്യസമുദായത്തിന് ക്രിസ്തീയരൂപം പകരാനും വേണ്ടി പ്രവർത്തിക്കുന്ന കത്തോലിക്കാപത്രങ്ങൾ, മാസികകൾ, സിനിമ – റേഡിയോ– ടെലിവിഷൻ പരിപാടികൾ, പ്രക്ഷേപണകേന്ദ്രങ്ങൾ എന്നിവയെ സഹായിക്കാനും സംരക്ഷിക്കുവാനും അവർക്ക് കടമയുണ്ട് '.

ഈ മേഖലയിൽ യേശുവിനുവേണ്ടി സാമ്പത്തിക രക്തസാക്ഷിത്വം സ്വീകരിക്കുവാൻ, നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ്, നമ്മെ പ്രചോദിപ്പിക്കുന്നുണ്ടെങ്കിൽ നമുക്ക് 'ഇമ്മാനുവേലി'നോട് സഹകരിക്കാം.

പ്രത്യേകിച്ചും, TV – VIDEO – COMPUTER – INTERNET, നമ്മുടെ വീട്ടിലുണ്ടെങ്കിൽ നമ്മെ ഈ മേഖലയിൽ പ്രവർത്തിക്കുവാൻ 'ഇമ്മാനുവേൽ' തെരഞ്ഞെടുത്തിട്ടുണ്ട്. അതിനാൽ നമുക്ക് വേദനിക്കുന്നതുവരെ സാമ്പത്തികമായി സഹകരിക്കുവാൻ നാം കടപ്പെട്ടവരാണ്

# ഇമ്മാനുവേലിൽനിന്നും ഒരു കണക്കത്ത്

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾപോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും. (മത്തായി 28 – 18 – 20) എന്ന് കല്പിച്ചവൻ ഈ രണ്ടായിരാമാണ്ട് മഹാജൂബിലി വർഷത്തിൽ ക്രിസ്തുവിന്റെ പിൻഗാമികളെന്ന് അവകാശപ്പെടുന്ന നമ്മോരോരോരുത്തരോടും ചോദിക്കുന്നു.

T.V. – Computer – Video – Internet യുഗത്തിലൂടെ ഇനിയും ഉയരങ്ങൾ കീഴടക്കുവാൻ കുതിച്ചുപായുന്ന ആധുനികയുഗത്തിലെ മനുഷ്യനായ നീ, ആകാശത്തിനുകീഴെ മനുഷ്യരുടെയിടയിൽ രക്ഷയ്ക്കുവേണ്ടി നല്കിയ എന്റെ ഒരേയൊരു നാമത്തെ, ലോകത്തിന്റെ ഏകരക്ഷകനായ യേശുവിനെ – നീ എത്ര പേർക്ക് പകർന്നു കൊടുത്തു ?

നിന്റെ മുറിക്കകത്തിരുന്ന് ഞൊടിയിടയ്ക്കുള്ളിൽ ഇന്ന് ലോകത്തിലെ ഏതൊരു കാര്യവും അറിയുകയും ഒരു പരിധിവരെ അനുഭവിക്കുകയും ചെയ്യുന്ന നീ, ലോകമെങ്ങും പോയി എത്രപേരോട് സുവിശേഷം പ്രസംഗിച്ചു? നിന്റെ ശരീരത്തിനുള്ളിലെ ഏതൊരു ഭാഗവും നിന്റെ സ്വന്തം കണ്ണുകൊണ്ട് നിനക്കു കാണുവാനും പഠിക്കുവാനും സാധിക്കുന്നു. അതിനൂതന സാങ്കേതിക വിജ്ഞാനത്തിലൂടെ വേദനയെന്തെറിയാതെ നിന്റെ സ്വന്തം ശരീരത്തിലെ അവയവങ്ങളിൽ കത്തിവെയ്ക്കാതെ ഒരു പരിധിവരെ നീ നിന്നെത്തന്നെ ശരിയാക്കിയെടുക്കുന്നു.

നിന്റെ ആത്മാവുനുപകരമായി നിയെനിക്കെന്തുനല്കും ?

നിന്റെ കുടുംബവുമൊത്ത്, ആസ്ട്രേലിയായിൽ പോകാതെ, തിക്കും തിരക്കുമില്ലാതെ തന്നെ, വളരെ ലാഘവത്തോടെ സിഡ്നി ഒളിമ്പിക്സ് മതിവരുവോളം നീയിന്ന് ആസ്വദിക്കുന്നില്ലേ.............................

കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്നരുളിചെയ്ത ഞാൻ നല്കുന്ന നിത്യ രക്ഷ നിന്റെ കുടുംബത്തിൽ നീ മതിവരുവോളം ആസ്വദിക്കുന്നുണ്ടോ?

വെറുമൊരു ലോക്കൽ കോളിന്റെ ചിലവിൽ ലോകത്തിന്റെ ഏത് ഓണം കേറാമൂലയിലേക്കും സെക്കന്റുകൾക്കുള്ളിൽ ഇ് നീ കത്തുകളയയ്ക്കുന്നു. കടയിൽ പോകാതെ തന്നെ നിന്റെ ഇഷ്ടത്തിനനുസരിച്ചുള്ള ഉല്പന്നങ്ങൾ അടുക്കളയിലും കിടപ്പുമുറിയിലുംവരെ വളരെ വേഗത്തിൽ തന്നെ നിനക്ക് ലഭ്യമാണിന്ന്. നിന്റെ സ്വന്തം രൂപം കണ്ടുകൊണ്ടുവരെ എത്ര അകലെയായാലും പരസ്പരം നിന്റെ സ്വന്തക്കാരും സ്നേഹിതരുമൊത്ത് സംസാരിക്കുന്നു.

ഞാൻ നിനക്ക് നല്കിയ സൗജന്യരക്ഷ എത്രയും വേഗത്തിൽ എത്രപേർക്ക് നീയിന്ന് കൈമാറുന്നുണ്ട് ? അന്യന്റെ വേലിക്കുള്ളിലെ മണൽത്തരിയുടെ നിറവും എണ്ണവും വണ്ണവും വരെ പരസ്പരമറിയാതെ സ്വന്തം വേലിക്കെട്ടിലിരുന്നുകൊണ്ട് തന്നെ, നീ കൺകുളിർക്കെ കാണുന്നു. പരസ്പരമറിയാതെ സകലരഹസ്യങ്ങളും നിങ്ങൾ ഒരു പരിധിവരെ ചോർത്തിയെടുക്കുന്നു.

# ഇമ്മാനുവേലിൽനിന്നും ഒരു ക്ഷണക്കത്ത്

'രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നല്കും' എന്നരുളിചെയ്ത എന്റെ രക്ഷാകര രഹസ്യം നീയെത്രപേർക്ക് പങ്കുവെച്ചു.

ചന്ദ്രനിൽ വളരെ പണിപ്പെട്ട് കാലുകുത്തിയ നീ, ഇന്ന് ജീവന്റെ അംശം തേടി നിഷ്പ്രയാസം ഭൂമിയിലിരുന്നുകൊണ്ടും പറന്നു നടന്നുകൊണ്ടും ഗ്രഹങ്ങൾ തോറും ചുറ്റി നടക്കുവാൻ നീ തുടങ്ങിയിരിക്കുന്നു.

ബത്‌ലേഹമിലും ജറൂസലേമിലും കഫർണാമിലുമെല്ലാം കാൽനടയായും, തിബേരിയാസിലും ഗലീലിയായിലും സ്വന്തം കൈകൾകൊണ്ടു വഞ്ചി തുഴഞ്ഞും പ്രഘോഷിച്ച 'എന്റെ' രക്ഷ കാൽവരിക്കുരിശിൽ ഞാൻ നല്കിയ ഈ ലോകത്തിന്റെ ഏക രക്ഷ T.V. – Video – Internet - Computer മാധ്യമത്തിന്റെ അനന്തസാധ്യതകൾ മുഴുവനും ഉപയോഗപ്പെടുത്തികൊണ്ട് രാജ്യങ്ങൾക്കും ഭാഷകൾക്കും ജാതിമതങ്ങൾക്കുമതീതമായി ഭൂമിയുടെ നാലതിർത്തികളിലേക്കും ഗ്രാമങ്ങളിലേ നാല്ക്കവലകൾ തൊട്ട് സിറ്റികളിലെ പഞ്ചനക്ഷത്ര ഹോട്ടലുകൾവരെ എത്തിക്കുവാൻ നീയെത്രമാത്രം ആത്മാർത്ഥമായും ആഗ്രഹിക്കുന്നുണ്ടെന്ന് ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ ഞാൻ ഈ വൻകൃപയുടെ കാലഘട്ടത്തിൽ നിന്നോട് ചോദിക്കുന്നു?

അതെ, ആധുനികമനുഷ്യനായ നീ T.V. – Video – Internet - Computer എന്നിവയുടെ കണ്ടുപിടുത്തത്തോടെ, നീ എവിടെ ചെന്ന് നില്ക്കുമെന്ന്, നിനക്കുതന്നെ നിശ്ചയമില്ലാത്ത അതിരുകളിലേക്ക്, അറിവിന്റെ ലഹരിയിൽ കുതിച്ചുപായുകയാണ്.........................

നീയാകെ ത്രില്ലിലാണ് എല്ലാം എന്റെ വിരൽതുമ്പിൽ ആയിയെന്ന ത്രില്ലിൽ.

മനുഷ്യവർഗ്ഗത്തിന് ഒത്തിരിയേറെ നന്മകൾ ഈ മാധ്യമത്തിലൂടെ ലഭിക്കുന്നുണ്ട്........... ലഭിക്കണം........ ലഭിക്കുകതന്നെചെയ്യും..............

കാരണം ഞാൻ മനുഷ്യനായി ജനിച്ചതുകൊണ്ടുതന്നെ. വെറും മണ്ണായിരുന്ന നിന്നെ, സ്നേഹമാകുന്ന ജീവജലത്തിന്റെ അരുവിയിലിട്ട് കുഴച്ച്, എന്റെ സ്വന്തം കൈവെള്ളയിൽ നിന്റെ പേരെഴുതി, നിന്റെ നാസാരന്ധ്രങ്ങളിൽ ജീവശ്വാസമൂതികൊണ്ട് വചനത്താൽ ലോകത്തെ ജയിച്ചു കീഴടക്കുവാൻ ശക്തിയും അറിവും നൽകി നിയെന്റെ സ്വന്തം ഛായയിൽ, സ്നേഹമാകുന്ന ഛായയിൽ സൃഷ്ടിക്കുമ്പോഴെ, എനിക്കറിയാമായിരുന്നു........... നിയിതു കണ്ടുപിടിക്കുമെന്ന്.

ആധുനികയുഗത്തിലെ അതിശക്തമായ മാധ്യമത്തെ മേഖലയെ നീയെന്തെ എനിക്കുവേണ്ടി കീഴടക്കാത്തത് ?

മാതാവിന്റെ ഉദരത്തിൽ നിനക്കുരുപം നല്കുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു., ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ നിയോഗിച്ചു നീ കേവലം ബാലനാണെന്നും സംസാരിക്കാൻ നിനക്ക് പാടവമില്ലായെന്നും പറഞ്ഞപ്പോൾ ഞാൻ നിന്നോട് അരുളിചെയ്തു വെറും ബാലനാണെന്ന് നീ പറയരുത്. ഞാൻ അയയ്ക്കുന്നിടത്തേക്കു നീ പോകണം ഞാൻ കാല്പിക്കുന്നതെന്തും സംസാരിക്കണം. നീ അവരെ ഭയപ്പെടേണ്ട, നിന്റെ രക്ഷയ്ക്കു നിന്നോടുകൂടെ ഞാനുണ്ട്.

നിന്റെ അധരത്തിൽ എന്റെ സ്വന്തം കൈകൊണ്ട് സ്പർശിച്ച് നിന്നെ ഞാൻ അഭിഷേകം ചെയ്ത്, അരുളിചെയ്തു.

# ഇമ്മാനുവേലിൽനിന്നും ഒരു ക്ഷണക്കത്ത്

പലരും ചോദിച്ചേക്കാം ഇത്രയും സമ്പത്ത് പാവങ്ങൾക്ക് സഹായിച്ചുകൂടെയെന്ന് ?

നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ എരുളിച്ചെയ്തവന്റെ കാല്പാദങ്ങൾ മറിയം വിലയേറിയ
സുഗന്ധതൈലംകൊണ്ട് പൂശിയപ്പോൾ അവിടെയും ഈ ചോദ്യം ഉയർന്നിരുന്നു.

'എന്തുകൊണ്ട് ഈ തൈലം മുന്നൂറ് ദനാറയ്ക്ക് വിറ്റ് ദരിദ്രർക്ക് കൊടുത്തില്ല'യോഹ 12:5
ചോദ്യകർത്താവിന്റെ ഉദേശശുദ്ധി മനസ്സിലാക്കി ഈശോ കൊടുത്ത മറുപടി ശ്രദ്ധിക്കാം.
'ദരിദ്രർ എപ്പോഴും നിങ്ങളുടെ കൂടെയുണ്ട്. ഞാൻ എപ്പോഴും നിങ്ങളോടൊത്തുണ്ടായിരിക്കുകയില്ല' യോഹ 12:8

ഈ ചോദ്യം ഉന്നയിച്ച വ്യക്തി മനുഷ്യപുത്രനെ മുപ്പത് വെള്ളികാശിന് ഒറ്റികൊടുക്കുകയും ചെയ്തു.

സഹോദരരെ T.V. – Video – Internet - Computer മാധ്യമം അതിശക്തമായി മനുഷ്യവർഗ്ഗത്തെ സ്വാധീനിച്ചുകഴിഞ്ഞു.

ചെറ്റകുടിൽതൊട്ട് രാജകൊട്ടാരം വരെ അവൻ കയ്യടക്കി. പട്ടിണിയാണെങ്കിലും സീരിയൽ കണ്ടാൽ വയറുനിറയുന്ന കാലഘട്ടമാണ്.
കുടുംബസമാധാനം നഷ്ടപ്പെട്ട് മണിമാളികയിൽ കഴിയുന്നവർ സമാധാനം കണ്ടെത്തി പരസ്പരം ചിരിക്കുവാൻ ഒരുമിച്ചുകൂടുന്നതും
ഇവന്റെ മുൻപിലാണ്.

എത്രസമയമില്ലാത്തവനും നിന്നുപോകുന്നത് ഈ സമയചക്രത്തിന്റെ സ്വാധീനത്തിലാണ്.

സിനിമാസംസ്ക്കാരമാണ് ഇന്ന് യുവജനങ്ങളെ നയിച്ചുകൊണ്ടിരിക്കുന്നത്.
ഓരോ ക്രിസ്ത്യനിയുടെ വീട്ടിലെ രൂപക്കൂടിന്റെ ചുവട്ടിലും ഡസൻ കണക്കിനു സിനിമാ വീഡിയോ സിഡി കാസറ്റുകളാണ് സ്ഥാനം പിടിച്ചിട്ടുള്ളത്.

CABLE TV ഇന്ന് സാധാരണക്കാരനുപോലും അത്യാവശ്യമായിക്കഴിഞ്ഞു. ജീവിതത്തിലെ സകലമുഹൂർത്ഥങ്ങളും നാം വീഡിയോവിൽ പകർത്തുന്നുണ്ട്.

വീഡിയോക്യമറയും TVയും സാധാരണക്കാരന്റെ അവശ്യവസ്തുവായിക്കഴിഞ്ഞു. TV യ്ക്ക് Tax അടക്കുവാൻ ക്രിസ്ത്യാനിക്ക് പരിഭവമില്ല.
എന്നാൽ പള്ളിക്ക് വി. കുർബാനയ്ക്കു നല്കേണ്ടത് നല്കുവാൻ അവന് സമ്മതമില്ല.

നമ്മുടെ വേഷവിധാനവും ഭക്ഷണക്രമവും ദൈനംദിനജീവിതവും ചില്ലുകൂട്ടിലിരിക്കുന്ന വിഡ്ഢി പെട്ടിയാണ് ക്രമീകരിക്കുന്നത്.
മനുഷ്യന്റെ ചിന്തയെ ഏറ്റവും ശക്തമായി സ്വാധീനിക്കുന്ന ടിവി മാധ്യമത്തിലൂടെ സുവിശേഷം കത്തിപടർന്നാൽ അനേകം
ആത്മാക്കൾ യേശുവിന്റേതായിതീരുമെന്ന്